# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1268 30.01.2018-ൽ മറുപടിക്ക്

**<u>അവനവൻചേരി ഗവ.ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ്</u>**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ആറ്റിങ്ങൾ മണ്ഡലത്തിലെ അവനവൻചേരി ഗവ.ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ/ അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിക്കുമ്പോൾ മാത്രമേ അവനവഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്ന വിഷയവും ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ അധിക ഹയർ സെക്കന്ററി ബാച്ച് അനുവദിക്കുന്ന വിഷയവും പരിഗണിക്കാൻ കഴിയുകയുള്ളൂ. |
| (ബി) ആറ്റിങ്ങൾ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ബയോളജി സയൻസ് പ്ലസ് ടു അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.